IV. സബ്മിഷൻ

(1) 11 കെ. വി. വൈദ്യുതിലൈൻ സ്റ്റേ കമ്പിയിലേയ്ക്ക് പൊട്ടിവീണ് രണ്ടു പേർ ഷോക്കേറ്റ് മരണപ്പെട്ട സംഭവം

ശ്രീ. രാജു എബ്രഹാം: സർ, രണ്ടുപേർ മരിക്കുകയും രണ്ടു പേർ 80 ശതമാനം പൊള്ളലേറ്റ് മരണവുമായി മല്ലടിക്കുകയും ചെയ്യുന്ന അത്യന്തം ഗുരുതരമായിട്ടുള്ള ഒരു പ്രശ്നമാണ് ഇന്നലെയുണ്ടായത്. കോട്ടയത്തിനടുത്ത് ചങ്ങനാശ്ശേരിയിൽ വാകത്താനത്തിനു സമീപമാണ് 11 കെ.വി. ലൈൻ പൊട്ടിവീണ് പി.സി. അന്ത്രയോസും, അദ്ദേഹത്തിന്റെ മകൻ സജിയും മരണമടഞ്ഞത്. ഭാര്യ സാറാമ്മയും ബന്ധുവായ അമ്മിണിയും 80 ശതമാനം പൊള്ളലേറ്റ് ഗുരുതരമായി കോട്ടയം മെഡിക്കൽകോളേജാശുപത്രിയിൽ ഇപ്പോൾ ചികിൽസയിലാണ്. 11 കെ.വി. ലൈനിലെ പോസ്റ്റിൽ ഘടിപ്പിച്ചിരുന്ന പിൻ ഇൻസുലേറ്റർ പൊട്ടി പോസ്റ്റിന്റെ സ്റ്റേ കമ്പിയിലേയ്ക്ക് വീണ് വൈദ്യുതി പ്രവഹിച്ചാണ് അപകടമുണ്ടായിരിക്കുന്നത്. ലൈൻ പോസ്റ്റിൽ ഘടിപ്പിച്ചിരിക്കുന്ന പിൻ ഇൻസുലേറ്റർ തകർന്നതും സ്റ്റേ കമ്പിയിൽ പിൻ ഇൻസുലേറ്റർ ഇല്ലാതിരുന്നതുമാണ് അപകടത്തിന്റെ കാരണം. സ്റ്റേ കമ്പിയിൽ വൈദ്യുതി പ്രസരണം ഉണ്ടാകാതിരിക്കാൻ സ്റ്റേ ഇൻസുലേറ്റർ നിർബന്ധമാണ്. ഇടിമിന്നലിന്റെ ആഘാതം കൊണ്ടും വോൾട്ടേജ് വ്യതിയാനം കൊണ്ടും കാലപ്പഴക്കം കൊണ്ടും ഇൻസുലേറ്ററുകൾക്കും ലൈനുകൾക്കും നാശം സംഭവിക്കുന്നു. കാലപ്പഴക്കം ചെന്ന എല്ലാ പോസ്റ്റുകളും ലൈനുകളും മാറ്റി സ്ഥാപിക്കാൻ വൈദ്യുതി ബോർഡിൽ നടപടികളുമില്ല. കേടുപാടുകളും അപകടങ്ങളും ഉണ്ടാകുമ്പോൾ മാത്രമാണ് ഇൻസുലേറ്ററുകളും മാറ്റുന്ന ഒരു സമ്പ്രദായം ഇന്ന് നിലനിൽക്കുന്നത്. ലൈൻമാൻമാരുടെ കുറവ്, അവശ്യ സാധനങ്ങളുടെ അഭാവം, touching വെട്ടാത്തതുമൂലമുണ്ടാകുന്ന പൊതുപ്രശ്നങ്ങൾ എന്നിവ കാരണം വൈദ്യുതി ലൈനിൽ നിന്നും ഷോക്കേറ്റുള്ള മരണം ആവർത്തിക്കുന്നു. ഒന്നും രണ്ടും ദിവസം കൂടുമ്പോൾ നമ്മുടെ സംസ്ഥാനത്ത് ഒരു ഷോക്കേറ്റുള്ള മരണം ഉണ്ടാകുന്നു എന്നുള്ളത് അത്യന്തം ഗൗരവമായിട്ടുള്ള അടിയന്തിരമായി പരിഹരിക്കേണ്ട ഒരു പ്രശ്നമായിട്ട് മാറുന്നു. റോഡരികിൽ നിൽക്കുന്ന പോസ്റ്റുകൾ ഉള്ളിലേയ്ക്ക് മാറ്റി സ്ഥാപിക്കാനോ touching വെട്ടി മാറ്റാനോ സ്റ്റേകമ്പികളിൽ പടർപ്പ് ഒഴിവാക്കാനോ താഴ്ന്നുകിടക്കുന്നതും കൂട്ടിപ്പിണഞ്ഞുകിടക്കുന്നതുമായ കമ്പികൾ നേരെയാക്കാനോ ബോർഡ് ഇപ്പോൾ ശ്രദ്ധിക്കുന്നില്ല എന്നുള്ളതാണ് യാഥാർത്ഥ്യം. പ്രസരണ നഷ്ടംമൂലമാണ് ഗ്രാമങ്ങളിൽ ഇത്തരം വോൾട്ടേജ് ക്ഷാമമുണ്ടാകുന്നത്. മനുഷ്യർക്ക് മാത്രമല്ല, പത്തനംതിട്ട വനാന്തരങ്ങളിൽ 24-ൽപ്പരം ആനകളാണ് കഴിഞ്ഞ

LIBRARY ARCHIVES Kerala Legislative Assembly

രണ്ടുവർഷക്കാലത്തിനുള്ളിൽ 220 ടവറിൽ നിന്നും ഷോക്കേറ്റ് മരിച്ചിട്ടുള്ളത്. കേരളത്തിലെ റോഡപകടങ്ങൾക്കുപിന്നിലെ പ്രധാനപ്പെട്ട വില്ലന്മാരിലൊന്ന് വൈദ്യുതി പോസ്റ്റുകളാണ്. താഴ്ന്നുകിടക്കുന്ന കമ്പികൾ ഉയർത്തിക്കെട്ടാൻ നാട്ടുകാർ തുടർച്ചയായി ആവശ്യപ്പെട്ടാലും നടപടിയുണ്ടാകുന്നില്ല എന്നുള്ളത് നമുക്ക് എല്ലാ മെമ്പർമാർക്കും അനുഭവമുള്ളതാണ്. നഗരത്തിൽ താഴ്ന്നുകിടക്കുന്ന കമ്പികൾ ട്രക്കുകളിലും ട്രെയിലറുകളിലും തട്ടി അപകടമുണ്ടാകുന്നതും ഇപ്പോൾ നിത്യസംഭവമായി മാറിയിരിക്കുന്നു. പഴകിയ ഉപകരണങ്ങൾ യഥാസമയം മാറ്റണം. അതിന് പ്രോപ്പറായിട്ടുള്ള മെയിന്റെനൻസാണ് ഇവിടെ പ്രധാനമായും ഉണ്ടാകേണ്ടത്. കണ്ടക്ടറിൽ നിന്നും കമ്പികൾ അഴിഞ്ഞുപോകുന്നു. Cross bar joints-കൾ തുരുമ്പിച്ച് ലൈൻ അഴിഞ്ഞുപോകുന്ന സംഭവമുണ്ടാകുന്നു. മരച്ചില്ലകളിൽ ഉരച്ചിലുണ്ടായി, സ്പാർക്കിംഗുണ്ടായി ലൈൻ പൊട്ടിവീഴുന്ന സംഭവങ്ങൾ ഉണ്ടാകുന്നു. ക്രോസ് ബാറുകൾ തുരുമ്പിച്ചുപോകുന്നതുമൂലമുണ്ടാകുന്ന പ്രശ്നങ്ങൾ നിരവധിയാണ്. അറ്റകുറ്റപ്പണി നടത്താനുള്ള ജീവനക്കാരുടെ കുറവാണ് ഇവിടെ അപകടസംഖ്യ ഇരട്ടിപ്പിക്കുന്നത്. ഉപകരണങ്ങളുടെ ക്വാളിറ്റിയും ഒരു പ്രധാനപ്പെട്ട പ്രശ്നമാണ്. 1998-ൽ സാങ്ഷൻ ചെയ്ത 31,000 തസ്തികകളിൽ 24,000 ജീവനക്കാർ മാത്രമേ ഇത് പ്രവർത്തിപ്പിക്കുന്നുള്ളൂ. ഏറ്റവും പ്രധാനപ്പെട്ട ഒരു പ്രശ്നമാണിത്, ബാക്കിയുള്ള തസ്തികകൾ അടിയന്തിരമായി നികത്തണം. ഇപ്പോൾ 78 ലക്ഷത്തിലധികം ഉപഭോക്താക്കളിൽ 20 ലക്ഷത്തോളം ഉപഭോക്താക്കൾ വന്നിട്ടുള്ളത് കഴിഞ്ഞ ഏഴെട്ടുവർഷക്കാലത്തിനുള്ളിലാണ്. ഓഫീസർമാരുടെ തസ്തിക 4000-ൽ 1700 മാത്രമേയുള്ളൂ. ഇപ്പോൾ തന്നെ 800 പോസ്റ്റ് ഒഴിവുള്ളപ്പോൾ പി.എസ്.സി. ക്ക് റിപ്പോർട്ട് ചെയ്തത് കേവലം 46 എണ്ണം മാത്രമാണ്. അത്യന്തം ഗുരുതരമായ ഈ പ്രശ്നം അടിയന്തിരമായി പരിഹരിക്കണം. ഇവിടെ രണ്ട് പ്രശ്നമാണ്, അപകട മരണവും അതോടൊപ്പം തന്നെ വൈദ്യുതി വകുപ്പിന്റെ നയവും ഇവിടെ പ്രശ്നമാണ്. അതുകൊണ്ട് ഗവൺമെന്റ് ഇക്കാര്യത്തിൽ അടിയന്തിരമായ തീരുമാനം പ്രഖ്യാപിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

ഊർജ്ജ വകുപ്പുമന്ത്രി *(ശ്രീ. ആര്യാടൻ മുഹമ്മദ്)*: സർ, ചങ്ങനാശ്ശേരി സബ്സ്റ്റേഷനിൽ നിന്നും വാകത്താനം കെ.വി. ഫീഡറിലേയ്ക്ക് വരുന്ന കൊടുവാക്കുഴി എന്ന സ്ഥലത്തെ 11 കെ.വി. പോസ്റ്റിൽ നിന്നുള്ള ഇൻസുലേറ്റർ പൊട്ടിത്തെറിക്കുകയും സ്റ്റേവയറിൽ വന്ന് വീഴുകയും ചെയ്തു. ഇതുമൂലം രണ്ടാളുകൾ അവിടെ മരണപ്പെട്ടു. ഞാൻ ആദ്യമായി ഈ കാര്യത്തിൽ എന്റേയും ഗവൺമെന്റിന്റേയും അഗാധമായ ഖേദം രേഖപ്പെടുത്തുവാൻ ഈ അവസരം

LIBRARY ARCHIVES Kerala Legislative Assembly

വിനിയോഗിക്കുന്നു. ഇത് ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ചതുപോലെ ഇൻസുലേറ്റർ പൊട്ടിത്തെറിച്ചാണ് സംഭവിച്ചിട്ടുള്ളത്. ഇത് രണ്ട് നിലയിൽ സംഭവിക്കാനുള്ള സാദ്ധ്യതയുണ്ട്. ഈ ഇൻസുലേറ്റർ പൊട്ടിത്തെറിക്കാനുള്ള കാരണം lightning ആകാം. അതുപോലെതന്നെ നേരത്തെ hidden lightning വന്നതിനുശേഷം ഇൻസുലേറ്ററിൽ crack വരാവുന്നതാണ്. അങ്ങനെ insulator-ൽ crack വന്നുകഴിഞ്ഞാൽ മഴവെള്ളം വീണ് അത് പൊട്ടിത്തെറിക്കാനും അതുമൂലം ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ സ്റ്റേ വയറിലേക്ക് കറന്റ് പാസ് ചെയ്യാനും സാധ്യതയുണ്ട്. ഈ രണ്ടു നിലയിലുള്ള സാധ്യതയും ഞാൻ തള്ളിക്കളയുന്നില്ല. ഈ രണ്ടിൽ ഏതെങ്കിലും ഒരു മാർഗ്ഗത്തിൽ ഇത് വരാവുന്നതാണ്. ഇത് പൊട്ടിത്തെറിച്ച ഉടനെതന്നെ രണ്ടു സ്ത്രീകൾ അവിടെചെന്ന് സ്റ്റേവയറിൽ പിടിച്ചു, അവർക്ക് ഷോക്കേറ്റു. അവരുടെ നിലവിളി കേട്ടുകൊണ്ടാണ് ഈ അച്ഛനും മകനും അവിടെ ചെന്നത്. അവരെ രക്ഷപ്പെടുത്തുവാനുള്ള ശ്രമങ്ങൾ അവർ നടത്തി. അവർ ആ വെള്ളത്തിൽ നിന്നുവെന്ന് പറയുന്നുണ്ട്. അങ്ങനെ വെള്ളത്തിൽ നിന്നാലും വെള്ളത്തിൽ കറന്റ് പാസ് ചെയ്യാനുള്ള സാധ്യതയുണ്ട്. അവിടെനിന്നും അവർക്ക് ഷോക്കേൽക്കാനുള്ള സാധ്യതയുണ്ട്. ഏതായാലും ആ രണ്ട് ആളുകൾ അവിടെ മരണപ്പെട്ടു. അച്ഛൻ അന്ത്രയോസ്-70 വയസ്, മകൻ സജി-40 വയസ്. അവർ രണ്ടുപേരുമാണ് അവിടെ മരണപ്പെട്ടത്. ബാക്കിയുള്ള രണ്ട് സ്ത്രീകളായ സാറാമ്മയേയും പെണ്ണമ്മയേയും കോട്ടയം മെഡിക്കൽ കോളേജിൽ പ്രവേശിപ്പിച്ചിരിക്കുകയാണ്. ഒരാളുടെ സ്ഥിതി കുറെ ഗുരുതരമാണ്. 10 മിനിട്ടിനുമുമ്പ് ഞാൻ വിളിച്ചു ചോദിച്ചപ്പോൾ ഒരാൾ രക്ഷപ്പെടാനുള്ള സാധ്യതയുണ്ടെന്നും ഒരാളുടേത് കുറച്ച് ഗുരുതരമാണെന്നുമുള്ള വിവരമാണ് എനിക്ക് ലഭ്യമായത്. ഏതായാലും ഇതുപോലുള്ള കാര്യങ്ങളെല്ലാക്കാലത്തും കേരളത്തിലുണ്ടായിട്ടുണ്ട്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ പല കാര്യങ്ങളും ഇതിന് കാരണമാണെന്നുള്ളതിലും എനിക്ക് യാതൊരു സംശയവുമില്ല. വേണ്ടത്ര മെയിന്റനൻസ് നടത്താൻ നമുക്ക് കഴിയാതെ വരുന്നുണ്ട്. ഇവിടെ ബഹുമാനപ്പെട്ട മെമ്പർ കുറേ കാര്യങ്ങളൊക്കെ ചൂണ്ടിക്കാണിച്ചു. ഏതായാലും ഈ കാര്യത്തെക്കുറിച്ച് എനിക്ക് പറയാനുള്ളത്... (ബഹളം)....ഇതൊരു പ്രധാനപ്പെട്ട സബ്മിഷനാണ്. അടിയന്തിര പ്രമേയം വന്നതാണ്, അത് ആദ്യത്തെ സബ്മിഷനാക്കി മാറ്റിയതാണ്. ഈ കാര്യത്തെക്കുറിച്ച് എനിക്ക് പറയാനുള്ളത് ഇന്ന് മരിച്ച ആളുകളുടെ ആശ്രിതർക്ക് ഉടനെതന്നെ 50,000 രൂപവച്ച് ഓരോരുത്തരുടെ വീടുകളിലും കൊടുക്കാൻ ഞാൻ ബോർഡിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ആശുപത്രിയിൽ കിടക്കുന്ന രണ്ട് ആളുകൾക്കും അടിയന്തിരമായി 10,000 രൂപവീതം ബോർഡിൽ നിന്നും നൽകാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. ആശുപത്രിയിൽ

LIBRARY ARCHIVES Kerala Legislative Assembly

കിടക്കുന്ന ആളുകളെ രക്ഷപ്പെടുത്താൻ എന്തെല്ലാം ചെയ്യാൻ സാധിക്കുമോ അതെല്ലാം ചെയ്യാനും അതിനുള്ള ചെലവ് മുഴുവൻ വഹിക്കാനും ബോർഡിന് ഞാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പറഞ്ഞതുപോലുള്ള സംഭവങ്ങൾ മേലിൽ ആവർത്തിക്കാതിരിക്കാനുള്ള നിർദ്ദേശങ്ങൾ ഗവൺമെന്റിനും ബോർഡിനും നൽകാൻ വേണ്ടി Retired Member (Distribution) ആയ വി. ഐ. ചെറിയാൻ എന്നയാളെ ഉടനെതന്നെ ഒരു അന്വേഷണ കമ്മിഷനായി നിയോഗിക്കാനും ആ കമ്മിഷൻ മേലിൽ ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാനുള്ള നിർദ്ദേശങ്ങൾ അടിയന്തിരമായി ബോർഡിന് നൽകാനും വേണ്ട നിർദ്ദേശം നൽകിയിട്ടുണ്ട്. ബഹുമാനപ്പെട്ട മെമ്പർ കുറെ കാര്യങ്ങളൊക്കെ പറഞ്ഞതു ശരിയാണ്. ടച്ചിംഗിന്റെ കാര്യം അദ്ദേഹം പറഞ്ഞത് ശരിയാണ്. പക്ഷേ ഒരു കാര്യം ഈ സഭ മനസ്സിലാക്കേണ്ടതുണ്ട്. ടച്ചിംഗ് ഒരു വർഷത്തിൽ മൂന്നുപ്രാവശ്യം നടത്തണമെന്നാണ് നിർദ്ദേശം. പല സ്ഥലങ്ങളിലും touching clear ചെയ്യാൻ പോകുന്ന ഉദ്യോഗസ്ഥന്മാരെ കൈകാര്യം ചെയ്യുന്ന സാഹചര്യം ഈ സംസ്ഥാനത്തിന്റെ പല ഭാഗത്തുമുണ്ട്. അതുകൊണ്ടുള്ള പ്രയാസങ്ങൾ ഉദ്യോഗസ്ഥന്മാർക്കുണ്ടെന്നുള്ള കാര്യങ്ങൾ കൂടി അങ്ങ് മനസ്സിലാക്കണമെന്നുമാത്രം ഞാൻ പറയുന്നു. ടച്ചിംഗ് നടത്തുന്നില്ല, കമ്പി താഴ്ന്നു കിടക്കുന്നു എന്നൊക്കെ അങ്ങ് ഇവിടെ പറഞ്ഞു. ടൗണിൽ കമ്പികൾ താഴ്ന്നു കിടക്കുന്നത് ഒക്കെ ശരിപ്പെടുത്താനാണ് ആയിരത്തോളം കോടി രൂപ മുടക്കിക്കൊണ്ടുള്ള എ. പി. ഡി. ആർ. പി. സ്കീമിൽ ടച്ചിംഗ് ഉൾപ്പെടുത്തിയിട്ടുള്ളത്. അതും ചെയ്യാനുള്ള നടപടി ഈ സർക്കാർ കൈക്കൊണ്ടിട്ടുണ്ട്. ഉദ്യോഗസ്ഥന്മാരുടെ കുറവുണ്ടെന്ന് അങ്ങ് ഇവിടെ പറഞ്ഞു. ഞാൻ മന്ത്രിയായി വന്നതിനു ശേഷം 2700-ഓളം ഉദ്യോഗസ്ഥന്മാരെ നിയമിച്ചുകഴിഞ്ഞു എന്നുള്ള കാര്യം അങ്ങ് മനസ്സിലാക്കണം. അതുമാത്രമല്ല, ഇതൊക്കെ നോക്കാൻ ഈ സെക്ഷനുകളുടെ എണ്ണം വർദ്ധിപ്പിക്കാൻ തീരുമാനിച്ചു. പുതുതായി സംസ്ഥാനത്ത് 41 സെക്ഷനുകൾ തുടങ്ങാൻ തീരുമാനിച്ചു.....(ബഹളം)....

മി. സ്പീക്കർ: ഇത് അടിയന്തിര പ്രമേയമായി അവതരിപ്പിക്കാൻ കൊണ്ടുവന്നതിന് പ്രത്യേകമായി കൊടുത്ത സബ്മിഷനാണ്. അതുകൊണ്ട് ദീർഘമായി ശ്രീ. രാജു എബ്രഹാം പറഞ്ഞു, അതിന് മറുപടിയും പറയുന്നു.

ശ്രീ. ആര്യാടൻ മുഹമ്മദ്: ഇതിന് മറുപടി പറയാൻ ഞാൻ ബാധ്യസ്ഥനാണ്. 41 സെക്ഷനുകൾ തുടങ്ങി. ഓരോ സെക്ഷനുകളിലും 6 ലൈൻമാൻമാരെ നിയമിക്കാനും തീരുമാനിച്ചു. അദ്ദേഹം പറഞ്ഞത് ശരിയാണ്. എണ്ണക്കുറവുണ്ട്. അതുകൊണ്ടാണ് സെക്ഷൻ കൂട്ടിയത്. വേണ്ടത്ര ഉദ്യോഗസ്ഥരെ ഈ പാറ്റേൺ

LIBRARY ARCHIVES Kerala Legislative Assembly

അനുസരിച്ച് നിയമിക്കാൻ ബോർഡ് തയ്യാറാണ്. അതേയവസരത്തിൽ അനാവശ്യമായി സ്റ്റാഫിനെ കൂട്ടാൻ ബോർഡ് ഒരുക്കമില്ലെന്നുള്ള കാര്യം കൂടി ഞാൻ അറിയിക്കുന്നു. ഏതായാലും ഈ കാര്യത്തെക്കുറിച്ച് അന്വേഷിക്കാൻ തയ്യാറാണ്. ഭാവിയിൽ ഇതുപോലുള്ള കാര്യങ്ങൾ ആവർത്തിക്കാതിരിക്കാനുള്ള നടപടികൾ കൈക്കൊള്ളാനും ബോർഡിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(2) വയനാട് ജില്ലയിൽ കൃഷിക്കാരും തോട്ടം തൊഴിലാളികളും മറ്റും അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ

ശ്രീ. എം. വി. ജയരാജൻ: സർ, വയനാട് ജില്ലയിലെ കൃഷിക്കാരുടെയും തോട്ടം തൊഴിലാളികളുടെയും കർഷകത്തൊഴിലാളികളുടെയും ദുരിതമാണ് അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്താനുള്ളത്. വയനാട് ജില്ലയിൽ ഒരു പാക്കേജ് പ്രഖ്യാപിച്ചിരുന്നു. കേരളത്തിൽ ഏറ്റവും കൂടുതൽ കൃഷിക്കാർ ആത്മഹത്യ ചെയ്യുന്ന ഒരു ജില്ലയായി, ദുരിതംമൂലം പ്രയാസമനുഭവിക്കുന്ന, കടത്തിൽ മുങ്ങിയ കൃഷിക്കാരുടെ ഒരു നാടായി വയനാട് മാറിയിരിക്കുകയാണ്. വിലത്തകർച്ചമൂലം 1003 കോടി രൂപയുടെ നഷ്ടമാണ് ഒരു വർഷമുണ്ടാകുന്നത്. കാപ്പി, കുരുമുളക്, തേയില തുടങ്ങിയ കാർഷിക ഉല്പന്നങ്ങളുടെ വില തകർന്നിരിക്കുകയാണ്. ഈ നാലു കൊല്ലംകൊണ്ട് നാലായിരം കോടി രൂപയുടെ നഷ്ടമുണ്ടായി. 700 കോടി രൂപയുടെ കടമാണ് കൃഷിക്കാർക്കുള്ളത്. 50,000 രൂപ വരെയുള്ള കാർഷിക കടങ്ങൾ എഴുതി തള്ളണമെന്നു പറഞ്ഞുകൊണ്ട് കേന്ദ്രത്തിലേക്കു നമ്മളെല്ലാം കൂടി ഒരു നിവേദനം കൊടുത്തിരുന്നു. സർക്കാർ അതു ഫോളോഅപ്പ് ചെയ്തില്ല. കേന്ദ്രത്തിൽ നിന്നും ഇക്കാര്യത്തിൽ ആനുകൂല്യം വാങ്ങിയെടുക്കാൻ തീരുമാനിക്കണം. വയനാട് ജില്ലയ്ക്ക് 90 കോടി രൂപയുടെ പാക്കേജാണ് ഇപ്പോൾ ഗവൺമെന്റ് പ്രഖ്യാപിച്ചത്. 2001 മാർച്ച് 31-നുശേഷം 2006 വരെയുള്ള കൃഷിക്കാരുടെ കടത്തിന്റെ പലിശ ഏതാണ്ട് 90 കോടി രൂപ വരും. ആ പലിശയിളവാണ് സർക്കാർ പ്രഖ്യാപിച്ചത്. നാഷണലൈസ്ഡ് ബാങ്കുകളെ ഒഴിവാക്കിയിട്ടുണ്ട്. സഹകരണ ബാങ്കുകൾക്കു മാത്രമാണ് ബാധകമാക്കിയത്. അതു നാഷണലൈസ്ഡ് ബാങ്കുകൾക്കുകൂടി ബാധകമാക്കാൻ കേന്ദ്രത്തിന്റെ സഹായം തേടണം. പക്ഷേ സംസ്ഥാന ഗവൺമെന്റ് പ്രഖ്യാപിച്ച 90 കോടി രൂപയുടെ പാക്കേജിൽ ഉൾപ്പെടുന്ന ആനുകൂല്യങ്ങളൊന്നും ഇതുവരെയും അനുവദിച്ചിട്ടില്ല. ഇക്കഴിഞ്ഞ മാർച്ച് 31-ാം തീയതി കൊടുക്കുമെന്നാണ് പറഞ്ഞത്. ജൂലൈ 15-ന് നിയമസഭാസമ്മേളനം ആരംഭിച്ചതിനുശേഷം അവിടത്തെ പനമരം, വൈത്തിരി കാർഷിക വികസന ബാങ്കിന്റെ പ്രസിഡന്റുമാരുടെയും സഹകാരികളുടെയും യോഗം വിളിച്ചു ചേർത്തു. 30 കോടി രൂപ ജൂലൈ 15-ാം തീയതിക്കകം

LIBRARY ARCHIVES Kerala Legislative Assembly